# CHAPTER – 2
## അറിവിൻെറ വാതായനങ്ങൾ..

1) ജ്ഞാനേന്ദ്രിയങ്ങളും അവയിൽ കാണുന്ന ഗ്രാഹികളും പട്ടികപ്പെടുത്തുക

| അവയവം | ഗ്രാഹി | ഉദ്ദീപനം |
|---|---|---|
| *കണ്ണ് | പ്രകാശഗ്രാഹികൾ | പ്രകാശം |
| *ചെവി | ശബ്ദഗ്രാഹികൾ | ശബ്ദം |
| *മൂക്ക് | ഗന്ധഗ്രാഹികൾ | ഗന്ധം |
| *നാക്ക് | രാസഗ്രാഹികൾ | രുചി |
| *ത്വക്ക് | ചൂട് ,തണുപ്പ് ,സ്പർശ ,മർ ദ്ദഗ്രാഹികൾ ...മുതലായവ | ചൂട് ,തണുപ്പ് ,മർദ്ദം... |

2) കണ്ണിൻെറ സംരക്ഷണോപാധികൾ ലിസ്റ്റ് ചെയ്യുക.

* കണ്ണ് നേത്രകോടരത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

* ബാഹ്യകൺപേശികൾ കണ്ണിനെ നേത്രകോടരത്തിൽ ഉറപ്പിക്കുന്നു

* പുരികം,കൺപീലി - പൊടിപടലങ്ങൾ കടക്കാതെ സംരക്ഷിക്കുന്നു

* കൺപോള – കണ്ണിനെ സംരക്ഷിക്കുന്നു

* നേത്രാവരണം ഉല്പാദിപ്പിക്കുന്ന ശ്ളേഷ്മം കണ്ണിനെ ഈർപ്പമുള്ളതാക്കുന്നു

* കണ്ണുനീരിലെ ലൈസോസൈം എന്ന രാസാഗ്നി രോഗാണുക്കളെ നശിപ്പിക്കുന്നു.

3) കണ്ണിലെ മൂന്ന് പാളികൾ ഏവ?

ദൃഢപടലം ,രക്ത പടലം ,റെറ്റിന.

4) പ്രകാശഗ്രാഹികൾ കാണുന്ന പാളി ഏത് ?

റെറ്റിന.

5) ദൃഢപടലത്തിൻെറ സുതാര്യമായ മുൻഭാഗം ഏത് ?

കോർണിയ.

6) കോർണിയയുടെ ധർമ്മമെന്ത് ?

പ്രകാശരശ്മികളെ കണ്ണിലേക്ക് കടത്തി വിടുന്നു.

7) ദൃഢപടലത്തിൻെറ മുൻ വശത്ത് കോർണിയ ഒഴികെയുള്ള ഭാഗങ്ങളെ ആവരണം ചെയ്തിരിക്കുന്ന സ്തരം ഏത്?

കൺജങ്റ്റൈവ (നേത്രാവരണം)

8) ഐറിസിൻെറ മധ്യഭാഗത്തുള്ള സുഷിരം ഏത് ?

പ്യൂപിൾ (കൃഷ്ണമണി)

9) പ്രതിബിംബത്തിന് ഏറ്റവും തെളിമ കിട്ടുന്ന ഭാഗം ഏത് ?

പീതബിന്ദു

10) പ്യൂപിളിൻെറ ധർമ്മമെന്ത് ?

പ്രകാശ തീവ്രതയ്ക്കനുസരിച്ച് വലുപ്പം ക്രമീകരിച്ച് കണ്ണിലേക്ക് കടക്കുന്ന പ്രകാശത്തിൻെറ അളവ് ക്രമീകരിക്കുന്നു.

11) ഐറിസിന് കറുപ്പ് നിറം കൊടുക്കുന്ന വർണ്ണ വസ്തു ഏത് ?

മെലാനിൻ.

12) നേത്രനാഡിയുടെ ധർമ്മമെന്ത് ?

പ്രകാശഗ്രാഹികളിലുണ്ടാകുന്ന ആവേഗങ്ങളെ മസ്തിഷ്കത്തിലെ കാഴ്ചയുടെ കേന്ദ്രത്തിലെത്തിക്കുന്നു.

13) റെറ്റിനയിൽ നിന്ന് നേത്രനാഡി ആരംഭിക്കുന്ന ഭാഗം ഏത് ?

അന്ധബിന്ദു.

14) സീലിയറി പേശികളുടെ ധർമ്മമെന്ത് ?

ലെൻസിൻെറ വക്രത ക്രമീകരിക്കുന്നു

15) കണ്ണിലെ ദ്രവങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക

**a) അക്വസ് ദ്രവം -** കോർണിയയ്ക്കും ലെൻസിനുമിടയിലുള്ള അക്വസ് അറയിൽ നിറഞ്ഞിരിക്കുന്നു.ഇത് രക്തത്തിൽ നിന്ന് രൂപം കൊള്ളുന്നു.അക്വസ് ദ്രവം ജലം പോലുള്ള ദ്രവമാണ് . ഇത് കണ്ണിലെ കലകൾക്ക് പോഷണവും ഓക്സിജനും നൽകുന്നു.

**b) വിട്രിയസ് ദ്രവം -** ലെൻസിനും റെറ്റിനയ്ക്കുമിടയിലുള്ള വിട്രിയസ് അറയിൽകാണുന്നു. ജെല്ലി പോലുള്ള ദ്രവം. കണ്ണിൻെറ ആകൃതി നിലനിർത്താൻ സഹായിക്കുന്നു.

16) പ്രകാശ തീവ്രതയ്ക്കനുസരിച്ച് ലെൻസിലേക്കുള്ള പ്രകാശത്തിൻെറ അളവ്നിയന്ത്രിക്കുന്നതെങ്ങിനെ ?

മങ്ങിയ പ്രകാശത്തിൽ റേഡിയൽ പേശികൾ സങ്കോചിക്കുമ്പോൾ പ്യൂപ്പിൾ വികസിക്കുന്നു. തീവ്ര പ്രകാശത്തിൽ വലയ പേശികൾ സങ്കോചിക്കുമ്പോൾ പ്യൂപ്പിൾ ചുരുങ്ങുന്നു.

17) കണ്ണിൽ രൂപപ്പെടുന്ന പ്രതിബിംബത്തിൻെറ സവിശേഷതകൾ എന്തെല്ലാം ?

യഥാർത്ഥം , ചെറുത് ,തല കീഴായത് .

18) -രണ്ട് തരം പ്രകാശഗ്രാഹികൾ ഏതെല്ലാം ? അവയിലടങ്ങിയിരിക്കുന്ന കാഴ്ചാവർണ്ണകങ്ങൾ ഏവ?

**റോഡ് കോശം** -ഇതിൽ റോഡോപ്സിൻ എന്ന വർണ്ണകം അടങ്ങിയിരിക്കുന്നു.


**കോൺ കോശം** - ഇതിൽ ഫോട്ടോപ്സിൻ എന്ന വർണ്ണകം അടങ്ങിയിരിക്കുന്നു.

19) റോഡ് കോശത്തിൻെറ ധർമ്മമെന്ത് ?

മങ്ങിയ വെളിച്ചത്തിൽ കാണാൻ ഇവ സഹായിക്കുന്നു.

20) കണ്ണിൻെറ ഘടന ചിത്രീകരിച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക..

ഉ)



ചിത്രം 2.1 കണ്ണിന്റെ ഘടന

21) പ്രകാശ തീവ്രതയ്ക്കനുസരിച്ച് ലെൻസിലേക്കുള്ള പ്രകാശത്തിൻെറ അളവ്നിയന്ത്രിക്കുന്നതെങ്ങിനെ ?

മങ്ങിയ പ്രകാശത്തിൽ റേഡിയൽ പേശികൾ സങ്കോചിക്കുമ്പോൾ പ്യൂപ്പിൾ വികസിക്കുന്നു. തീവ്ര പ്രകാശത്തിൽ വലയ പേശികൾ സങ്കോചിക്കുമ്പോൾ പ്യൂപ്പിൾ ചുരുങ്ങുന്നു.

22) കണ്ണിൽ രൂപപ്പെടുന്ന പ്രതിബിംബത്തിൻെറ സവിശേഷതകൾ എന്തെല്ലാം ?

യഥാർത്ഥം , ചെറുത് ,തല കീഴായത് .

23) അടുത്തുള്ളതും അകലെയുള്ളതുമായ വസ്തുക്കളെ നോക്കുമ്പോൾ കണ്ണിനു -ണ്ടാകുന്ന മാറ്റങ്ങൾ പട്ടികപ്പെടുത്തുക

| അടുത്തുള്ള വസ്തുക്കളെ നോക്കുമ്പോൾ | അകലെയുള്ള വസ്തുക്കളെ നോക്കുമ്പോൾ |
|---|---|
| സീലിയറി പേശികൾ സങ്കോചിക്കുന്നു | സീലിയറി പേശികൾ വിശ്രമാവസ്ഥയിൽ ആകുന്നു |
| സ്നായുക്കൾ അയയുന്നു | സ്നായുക്കൾ വലിയുന്നു |
| ലെൻസിൻെറ വക്രത കൂടുന്നു | ലെൻസിൻെറ വക്രത കുറയുന്നു |
| ഫോക്കൽ ദൂരം കുറയുന്നു | ഫോക്കൽ ദൂരം കൂടുന്നു |

24) രണ്ട് തരം പ്രകാശഗ്രാഹികൾ ഏതെല്ലാം ? അവയിലടങ്ങിയിരിക്കുന്ന കാഴ്ചാവർണ്ണകങ്ങൾ ഏവ?

**റോഡ് കോശം** -ഇതിൽ റോഡോപ്സിൻ എന്ന വർണ്ണകം അടങ്ങിയിരിക്കുന്നു.

**കോൺ കോശം** - ഇതിൽ ഫോട്ടോപ്സിൻ എന്ന വർണ്ണകം അടങ്ങിയിരിക്കുന്നു

25) റോഡ് കോശത്തിൻെറ ധർമ്മമെന്ത് ?

മങ്ങിയ വെളിച്ചത്തിൽ കാണാൻ ഇവ സഹായിക്കുന്നു.

26) കാഴ്ചാവർണ്ണകങ്ങളിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ ഏതൊക്കെ ?

റെറ്റിനാൽ ,ഓപ്സിൻ.

27 ) കോൺ കോശത്തിൻെറ ധർമ്മമെന്ത് ?

വർണ്ണക്കാഴ്ച സാധ്യമാക്കുന്നു.

28) ചുവപ്പ് ,പച്ച ,നീല എന്നീ നിറങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്ന കോൺ കോശങ്ങൾ നമ്മുടെ കണ്ണിൽ ഉണ്ട് . ഈ വൈവിധ്യത്തിന് കാരണമെന്ത് ?

ഓപ്സിൻ തന്മാത്രയിലെ അമിനോ ആസിഡുകൾ വ്യത്യസ്ഥമായതാണ് ഇതിന് കാരണം .

29) പ്രകാശഗ്രാഹികളിൽ ആവേഗങ്ങൾ രൂപപ്പെടുന്നത് എങ്ങിനെ ?

പ്രകാശത്തിൻെറ സാന്നിധ്യത്തിൽ ഗ്രാഹീകോശങ്ങളിലെ വർണ്ണകങ്ങൾ വിഘടിക്കുന്നു. ഈ രാസമാറ്റം ആവേഗങ്ങൾ രൂപപ്പെടാൻ കാരണമാകുന്നു.

30) കാഴ്ച എന്ന അനുഭവം ഉണ്ടാകുന്നതെങ്ങിനെ ?

കണ്ണിൽ രൂപപ്പെട്ട ആവേഗങ്ങൾ നേത്രനാഡിയിലൂടെ സെറിബ്രത്തിൽ എത്തുമ്പോഴാണ് കാഴ്ച എന്ന അനുഭവം ഉണ്ടാകുന്നത്.

31) ദ്വിനേത്രദർശനം എന്നാലെന്ത് ?

നമ്മുടെ രണ്ട് കണ്ണുകളിലും രൂപം കൊണ്ട പ്രതിബിംബങ്ങൾ മസ്തിഷ്കത്തിൻെറ പ്രവർത്തനഫലമായി സംയോജിക്കുമ്പോഴാണ്

നമുക്ക് വസ്തുവിൻെറ ത്രിമാന രൂപം അനുഭവപ്പെടുന്നത് . ഇതാണ് ദ്വിനേത്ര ദർശനം.

32) വിവിധ തരം നേത്രരോഗങ്ങൾ,അവയുടെ കാരണം ,പരിഹാരം എന്നിവ പട്ടികപ്പെടുത്തുക

| രോഗം | കാരണം | പരിഹാരം |
|---|---|---|
| നിശാന്ധത | വിറ്റാമിൻ എ യുടെ അഭാവം | വിറ്റാമിൻ എ അടങ്ങിയ ഭക്ഷണം കഴിക്കുക |
| ഗ്ളോക്കോമ | അക്വസ് ദ്രവത്തിൻെറ പുനരാഗിരണം തടസ്സപ്പെടുന്നത് കാരണം കണ്ണിനുള്ളിൽ മർദ്ദം കൂടുന്നു | ലേസർ ശസ്ത്രക്രിയ |
| തിമിരം | നേത്രലെൻസ് അതാര്യമാകുന്നത് | ലെൻസ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ |
| ചെങ്കണ്ണ് | കൺജങ്റ്റൈവയെ ബാധിക്കുന്ന അണുബാധ | ശുചിത്വം പാലിക്കുന്നതിലൂടെ ഇത് പരിഹരിക്കാം |

33) വർണ്ണാന്ധത എന്നാലെന്ത് ?

കോൺകോശങ്ങളുടെ തകരാറ് മൂലം ചിലർക്ക് ചുവപ്പും ,പച്ചയും നിറങ്ങൾ വേർതിരിച്ചറിയാൻ കഴിയില്ല. ഈ രോഗാവസ്ഥയാണ് വർണ്ണാന്ധത.

34) വർണ്ണാന്ധതയുള്ളവരെ ഡ്രൈവർ,പൈലറ്റ് മുതലായ ജോലികൾക്ക് തിരഞ്ഞെടുക്കാറില്ല. കാരണമെന്ത് ?

വർണ്ണാന്ധതയുള്ളവർക്ക് ചുവപ്പ് , പച്ച എന്നീ നിറങ്ങൾ തിരിച്ചറിയാൻ കഴിയാത്തതു കാരണം ട്രാഫിക്ക് സിഗ്നലുകൾ മനസ്സിലാക്കാൻ സാധിക്കില്ല.

35) വിറ്റാമിൻ A അടങ്ങിയ ഭക്ഷ്യവസ്തുക്കളും കണ്ണിൻെറ ആരോഗ്യവും തമ്മിലുള്ള ബന്ധമെന്ത് ?

റെറ്റിനാൽ രൂപപ്പെടുന്നത് വിറ്റാമിൻ A യിൽ നിന്നാണ് . വിറ്റാമിൻ യുടെ

അഭാവം റെറ്റിനാലിൻെറ ഉല്പാദനം കുറയാനും,മങ്ങിയ വെളിച്ചത്തിലുള്ള കാഴ്ച സാധ്യമാകാതെ വരികയും ചെയ്യുന്നു.

36) മൊബൈൽ ഫോൺ , കമ്പ്യൂട്ടർ എന്നിവയുടെ അമിതോപയോഗം കണ്ണിനെ ബാധിക്കുന്നതെങ്ങിനെ ?

മൊബൈൽ ഫോൺ ,കമ്പ്യൂട്ടർ എന്നിവയുടെ അമിതോപയോഗം കണ്ണ് വേദന, തലവേദന , ക്ഷീണം,ഉറക്കക്കുറവ് എന്നീ ശാരീരിക പ്രയാസങ്ങൾ ഉളവാക്കും.

37) സിറോഫ്താൽമിയ എന്നാലെന്ത് ?

ഉ) വിറ്റാമിൻ എ യുടെ തുടർച്ചയായ അഭാവം ഉണ്ടായാൽ നേത്രാവരണവും കോർണിയയും വരണ്ട് കോർണിയ അതാര്യമായി തീരുന്നു. ഈ അവസ്ഥയാണ് സിറോഫ്താൽമിയ.

38) താഴെക്കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് അവയുടെ പേര് എഴുതുക.



A



B

Ans) A-റോഡ് കോശം

B- കോൺ കോശം

39) കാഴ്ച്ച എന്ന അനുഭവവുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് തയ്യാറാക്കുക

പ്രകാശം → കോർണിയ → അക്വസ് ദ്രവം → പ്യൂപ്പിൾ → ലെൻസ് → വിട്രിയസ് ദ്രവം → റെറ്റിന → ആവേഗം → നേത്രനാഡി → സെറിബ്രം → കാഴ്ച്ച എന്ന അനുഭവം .

## ചെവി.

40)ബാഹ്യ കർണ്ണത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭാഗങ്ങൾ ഏതൊക്കെ?

ചെവിക്കുട ,കർണ്ണനാളം ,കർണ്ണപടം

41)ചെവിക്കുടയുടെ ധർമ്മമെന്ത് ?

ശബ്ദതരംഗങ്ങളെ കർണ്ണനാളത്തിലെത്തിക്കുന്നു.

42) കർണ്ണനാളത്തിൻെറ പ്രാധാന്യമെന്ത് ?

ശബ്ദതരംഗങ്ങളെ കർണ്ണപടത്തിലേക്ക് നയിക്കുന്നു.

കർണ്ണനാളത്തിലെ രോമങ്ങൾ ,മെഴുക് എന്നിവ പൊടിപടലങ്ങളും,

രോഗാണുക്കളും പ്രവേശിക്കുന്നത് തടയുന്നു.

43) മധ്യകർണ്ണത്തെ ബാഹ്യകർണ്ണത്തിൽ നിന്നു വേർതിരിക്കുന്ന വൃത്താകൃതിയിലുള്ളനേർത്ത സ്തരം ഏത് ?

കർണ്ണപടം.

44) മധ്യകർണ്ണത്തിലെ ഭാഗങ്ങൾ ഏതൊക്കെ ?

അസ്ഥിശൃംഖല , യൂസ്റ്റേഷ്യൻ നാളി.

45) അസ്ഥിശൃംഖലകൾ എത്രതരം ? അവയേവ ? അവയുടെ ധർമ്മമെന്ത് ?

3 തരം.

മാലിയസ് , ഇൻകസ് ,സ്റ്റേപീസ് ,

ഇവ കർണ്ണപടത്തിലെ കമ്പനങ്ങളെ വർദ്ധിപ്പിച്ച് ആന്തരകർ ണ്ണത്തിലെത്തിക്കുന്നു.

46) മദ്ധ്യകർണ്ണത്തെ ഗ്രസനിയുമായി ബന്ധിപ്പിക്കുന്ന കുഴൽ ഏത് ?

യൂസ്റ്റേഷ്യൻ നാളി .

47) യൂസ്റ്റേഷ്യൻ നാളിയുടെ ധർമ്മമെന്ത് ?

മദ്ധ്യകർണ്ണത്തെ ഗ്രസനിയുമായി ബന്ധിപ്പിക്കുന്നു.കർണ്ണപടത്തിൻെറ ഇരുവശങ്ങളിലേയും മർദ്ദം തുല്യമാക്കി സംരക്ഷിക്കുന്നു.

48) ആന്തരകർണ്ണത്തിലെ കേൾവിക്ക് സഹായിക്കുന്ന ഭാഗങ്ങൾ ഏതെല്ലാം ?

ശ്രുവണനാഡി , കോക്ളിയ.

49) ശരീരതുലനനില പാലിക്കാൻ സഹായിക്കുന്ന ആന്തരകർണ്ണത്തിലെ ഭാഗങ്ങൾഏതെല്ലാം ?

- അർദ്ധവൃത്താകാരക്കുഴലുകൾ ,വെസ്റ്റിബ്യൂൾ, വെസ്റ്റിബുലാർനാഡി.

50) ഓവൽ വിൻഡോ ,റൗണ്ട് വിൻഡോ എന്നിവ കേൾവിക്ക് സഹായിക്കുന്നതെങ്ങിനെ ?

സ്റ്റേപിസിനോട് ചേർന്നിരിക്കുന്ന സ്തരമാണ് ഓവൽ വിൻഡോ. ഇത് അസ്ഥിശൃംഖലയിലെ കമ്പനം ആന്തരകർണ്ണത്തിലേക്ക് വ്യാപിപ്പിക്കുന്നു. റൗണ്ട് വിൻഡോ കോക്ളിയക്കകത്തുള്ള ദ്രവത്തിൻെറ ചലനത്തിന് സഹായിക്കുന്നു.

51) കേൾവി സാധ്യമാകുന്ന വിധം ഫ്ളോചാർട്ട് തയ്യാറാക്കുക.

ഉ) ശബ്ദതരംഗം → ചെവിക്കുട → കർണ്ണനാളം → കർണ്ണപടം → അസ്ഥിശൃംഖല → ഓവൽ വിൻഡോ → കോക്ളിയ → രോമകോശങ്ങൾ → ആവേഗം → ശ്രുവണനാഡി → സെറിബ്രം → കേൾവി എന്ന അനുഭവം .

52) ശരീരതുലനനിലയുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് തയ്യാറാക്കുക.

ശരീര ചലനങ്ങൾ

↓

വെസ്റ്റിബ്യൂളിലും ,അർദ്ധവൃത്താകാരക്കുഴലിലുംഉള്ള എൻഡോലിംഫിൻെറ ചലനം.

↓

രോമകോശങ്ങൾ ഉദ്ദീപിക്കപ്പെടുന്നു

↓

ആവേഗം

↓

വെസ്റ്റിബുലാർ നാഡി

↓

സെറിബെല്ലം

↓

തുലനനിലാപാലനം .

53) പാപ്പിലകൾ എന്നാലെന്ത് ?

നാക്കിൻെറ ഉപരിതലത്തിൽ ഉയർന്ന് നിൽക്കുന്ന ഭാഗങ്ങളാണ് പാപ്പിലകൾ.

54) സ്വാദ് മുകുളങ്ങൾ കാണപ്പെടുന്നത് എവിടെ ? ഇവ എത്രതരം ?അവ ഏവ ?

പാപ്പിലകളിൽ കാണപ്പട്ടുന്നു.

അഞ്ച് തരം സ്വാദ് മുകുളങ്ങൾ കാണപ്പെടുന്നു . മധുരം ,പുളി ,ഉപ്പ് ,

കയ്പ് ,ഉമാമി

55) നമുക്ക് രുചി അനുഭവപ്പെടുന്നത് എങ്ങിനെ ?

ആഹാര പദാർത്ഥങ്ങൾ ഉമിനീരുമായി കലർന്ന് രാസഗ്രാഹികളെ ഉദ്ദീപിപ്പിക്കുകയും ആവേഗങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ ആവേഗങ്ങൾ ബന്ധപ്പെട്ടനാഡികൾ വഴി മസ്തിഷ്കത്തിലെത്തുകയും രുചി അനുഭവപ്പെടുകയും ചെയ്യുന്നു.

56) ഗന്ധം തിരിച്ചറിയുന്ന ഘട്ടങ്ങൾ ക്രമമായി എഴുതുക.

* വായുവിലെ ഗന്ധകണികകൾ മൂക്കിനുള്ളിൽ പ്രവേശിക്കുന്നു.
* ഗന്ധകണികകൾ ശ്ളേഷ്മത്തിൽ ലയിക്കുന്നു.
* ഗന്ധഗ്രാഹികൾ ഉദ്ദീപിക്കപ്പെടുന്നു.
* ആവേഗങ്ങൾ രൂപപ്പെടുന്നു .
* നാഡി വഴി ആവേഗങ്ങൾ സെറിബ്രത്തിലെത്തുന്നു.
* ഗന്ധം എന്ന അനുഭവം ഉണ്ടാകുന്നു.

57) ജലദോഷമുള്ളപ്പോൾ ആഹാരത്തിന് രുചി തോന്നാതിരിക്കാനുള്ള കാരണമെന്ത് ?

ജലദോഷമുള്ളപ്പോൾ നമ്മുടെ മൂക്കിൽ ശ്ളേഷ്മം നിറഞ്ഞിരിക്കും .അപ്പോൾ ആഹാരത്തിൻെറ മണം തിരിച്ചറിയാൻ കഴിയാതെ വരുന്നു.അതിനാൽ ആഹാരത്തിൻെറ രുചി അറിയാനുള്ള നിർദ്ദേശം തലച്ചോറിന് നൽകാൻ കഴിയാതെ വരുന്നു.

58) ത്വക്കിൽ കാണുന്ന വിവിധ ഗ്രാഹികൾ ഏവ ?

ഉ) സ്പർശഗ്രാഹി ,മർദ്ദഗ്രാഹി ,ചൂട് ഗ്രാഹി ,തണുപ്പ്ഗ്രാഹി ,വേദനഗ്രാഹി..

59) വിവിധ ജീവികളും അവയുടെ ഗ്രാഹികളും പട്ടികപ്പെടുത്തുക.

| ജീവി | ഗ്രാഹി |
|---|---|
| പ്ളനേറിയ | ഐസ്പോട്ട് |
| ഈച്ച | ഒമാറ്റീഡിയ |
| സ്രാവ് | പാർശ്വവര |
| പാമ്പ് | ജേക്കബ്സൺസ് ഓർഗൻ |

Notes prepared by
Rashmi M C,
RGMHSS , Mokeri